പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2457

05-11-2019 ൽ മറുപടിക്ക്

# കാസർകോട്ടെ ഭെൽ കമ്പനി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) | കാസർകോട്ടെ ഭെൽ കമ്പനിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; | എ) | ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലയായി തന്നെ നിലനിർത്തുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 12/6/2017 ന് ഒരു ഉന്നതതല യോഗം ചേർന്നു. ചീഫ് സെക്രട്ടറിയെ ചെയർമാനായി നിശ്ചയിച്ചുകൊണ്ട് ഒരു ഉന്നതതല കമ്മറ്റി രൂപീകരിച്ചു. കമ്പനിയെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പൂർത്തിയാക്കി കൊണ്ട് 7/9/2019- ലെ സ.ഉ ( കൈ) നം. 78/2019/വ്യവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭെല്ലിൽനിന്നും സൗകര്യപ്രദമായ ഒരു തീയതി ലഭിക്കുന്നതിനനുസരിച്ച് സർക്കാരും ഭെല്ലുമായി (നവംബർ മാസത്തിൽ തന്നെ) കരാർ ഒപ്പ് വയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) | നേരത്തെ കെൽ ആയിരുന്നപ്പോൾ കമ്പനിയുടെ മുടക്കുമുതലും ഉൽപ്പാദനവും എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ; | ബി) | കാസർഗോഡ് കെൽ യൂണിറ്റിന്റെ മുടക്കുമുതൽ 20 കോടി രൂപയാണ്. കമ്പനി കൈമാറ്റം ചെയ്തപ്പോൾ കമ്പനിയുടെ കാസർഗോഡ് യൂണിറ്റിന്റെ വിറ്റുവരവ് (2010-2011) 11.54 കോടി രൂപയായിരുന്നു. |
| സി) | കെൽ എന്ന് പേരുണ്ടായിരുന്ന കമ്പനി ഭെൽ ആയി മാറിയത് എപ്പോഴാണെന്നും അതേത്തുടർന്ന് മുടക്കുമുതലിലും ഉൽപ്പാദനത്തിലും ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | സി) | കാസർഗോഡ് കെൽ യൂണിറ്റ് 28/03/2011 ലാണ് ഭെൽ ആയി മാറിയത്. ഇതേത്തുടർന്ന് കമ്പനിയുടെ മുടക്കുമുതലിലും ഉൽപാദനത്തിലും ഉണ്ടായ മാറ്റങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

ഡി) കെൽ ആയിരുന്നപ്പോഴും ഭെൽ ആയി മാറിയപ്പോഴും ജിവനക്കാരുടെ ശമ്പള നിലവാരം ഏത് തരത്തിലാണെന്ന് വ്യക്തമാക്കാമോ;

ഡി) കെൽ, ഭെൽ ആയി മാറിയ ശേഷം ജീവനക്കാരുടെ ശമ്പളത്തിൽ വ്യത്യാസം വന്നിട്ടില്ല. ശമ്പള സംബന്ധമായ വിവരം ചുവടെ ചേർക്കുന്നു.

**വർക്ക്മെൻ**

| | |
|---|---|
| **W8** | **3660-125-4410-160-6010-180-7810-210-8860** |
| **W7** | **3550-105-3970-125-5095-160-6695-180-8135** |
| **W6** | **3540-105-4065-125-5190-160-6790-180-8050** |
| **W5** | **3470-100-4070-122-5290-155-6840-175-7890** |
| **W4** | **3400-90-3850-100-4750-122-5970-155-7055** |
| **W3** | **3350-84-3854-96-4814-120-6014-150-6914** |
| **W2** | **3320-70-3670-80-4470-95-5420-115-6225** |
| **W1** | **3310-70-3730-80-4530-95-5480-115-6170** |

**എക്സിക്യൂട്ടിവ്സ്**

| | |
|---|---|
| **E1** | **8790-200-9590-240-10790-280-11910-340-13610** |
| **E2** | **11070-280-11910-340-13610-380-16650-450-18450** |
| **E3** | **11910-340-13610-380-16650-450-19350** |
| **E4** | **12930-340-13610-380-16650-450-20250** |
| **E5** | **16650-450-20700-500-23200** |
| **E6** | **25400-600-26600-650-33100** |
| **E7** | **26000-600-26600-650-33100** |
| **E8** | **26660-650-33750** |

ഇ) ഇപ്പോൾ ഭെൽ-ലെ ജീവനക്കാർക്ക് എത്രമാസമായി ശമ്പളം കിട്ടുന്നില്ലായെന്നും ഈ കുടിശ്ശിക എപ്പോൾ തീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

ഇ) ഭെൽ-ലെ വർക്ക്മെൻ വിഭാഗത്തിൽ പെട്ടവരുടെ 2019 ജനുവരിവരെയുള്ള ശമ്പളവും എക്സിക്യൂട്ടിവ്സിന്റെ 2018 ഡിസംബർ വരെയുള്ള ശമ്പളവും പൂർണമായും നൽകിയിട്ടുണ്ട്. കമ്പനിയുടെ പുനരുദ്ധാരണത്തിലൂടെയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് ശമ്പളകുടിശ്ശിക നൽകുവാൻ സാധിക്കും.

എഫ്) വർഷങ്ങൾക്ക് മുമ്പ് പ്രഖ്യാപിച്ച ശമ്പളവർദ്ധനവ് പ്രകാരം ജീവനക്കാർക്ക് എത്ര കുടിശ്ശിക കൊടുത്ത് തീർക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

എഫ്) ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഭാഗമായുള്ള കമ്പനിയുടെ ബാദ്ധ്യത 428.51 ലക്ഷം രൂപയാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം. | വിശദാംശങ്ങൾ | സാമ്പത്തിക വർഷം | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
| 1 | വിറ്റുവരവ് | 2113.76 | 2653.38 | 3702.97 | 2187.67 | 4095.59 | 3212.95 | 1442.49 | 1864.81 |
| 2 | നികുതി കുറവ് ചെയ്യുന്നതിന് മുൻപുള്ള വരുമാനം | -37.52 | -130.46 | -131.11 | -526.69 | -397.15 | -513.59 | -773.36 | -699.84 |
| 3 | നികുതി കുറവ് ചെയ്യുന്നത ശേഷമുള്ള വരുമാനം | -37.52 | -54.95 | -106.16 | -396.43 | -298.39 | -379.26 | -605.18 | -545.50 |
| 4 | കരുതൽശേഖരം | -37.52 | -92.48 | -198.64 | -595.07 | -893.46 | -1272.72 | -1877.90 | -2423.40 |
| 5 | അറ്റമൂല്യം | 1012.48 | 957.52 | 851.36 | 454.93 | 156.54 | -222.72 | -827.90 | -1373.40 |

സെക്ഷൻ ഓഫീസർ